(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എവ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) ഉദ്ദേശം 190,000 വീടുകൾ നടപ്പു സാമ്പത്തികവർഷം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. അവയുടെ പണികൾ ധൃതഗതിയിൽ പുരോഗമിച്ചുവരുന്നുണ്ട്. പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയിൽ 150,000 ($1\frac{1}{2}$ ലക്ഷം) വീടുകളും മറ്റുപദ്ധതികളിലെല്ലാം കൂടിയുള്ള 40,000 വീടുകളും ഇതിൽ ഉൾപ്പെടുന്നു.

കാലവർഷ കെടുതിയെ തുടർന്ന് ഏറ്റെടുത്ത പണികൾ

* 251 (272) ശ്രീ. എം. എം. ഹസ്സൻ :
,, പി. പി. തങ്കച്ചൻ :
,, എൻ. ശക്തൻ നാടാർ :
,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-ൽ കാലവർഷ കെടുതിമൂലം ഉണ്ടായ നഷ്ടം നികത്തുന്നതിന് കേന്ദ്രഗവൺമെന്റ് അനുവദിച്ച തുക ഏതെല്ലാം മേഖലകളിൽ ചെലവഴിച്ചു ;

(ബി) പ്രസ്തുത മേഖലകളിൽ ചെയ്യുന്ന ജോലികൾ യഥാവസരം തീരാതിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ ജോസഫ്) :

(എ) ഉത്തരം അനുബന്ധമായി വച്ചിരിക്കുന്നു †

(ബി) അനുവദം നൽകിയ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽപ്പെട്ട ചുരുക്കം ചില ജോലികൾ യഥാസമയം ചെയ്തു തീർക്കാൻ സാധിച്ചിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയവ എത്രയും വേഗം പൂർത്തീകരിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടില്ല.

പീഡിതവ്യവസായങ്ങളുടെ പുനരുദ്ധാരണം

* 252 [273] ശ്രീ. മണിമംഗലത്തു കുട്ട്യാലി :
,, ജി. കാർത്തികേയൻ :
,, രാഘവൻ പൊഴക്കടവിൽ :
,, കെ. രാഘവൻമാസ്റ്റർ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് എന്തു പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത് ;

(ബി) ഈ പദ്ധതി പ്രകാരം പുനരുദ്ധരിക്കാൻ കഴിഞ്ഞ പീഡിത വ്യവസായങ്ങൾ എവ ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ (272) കാണുക]

| നമ്പർ | ഇനവിവരം | ചെലവുചെയ്ത മേഖലകം |
|---|---|---|
| 1. | വെള്ളപ്പൊക്കത്തിൽ ദുരിതം അനുഭവിക്കുന്നവർക്ക് സാമ്പത്തിക സഹായം | ജില്ലാ കളക്ടർമാർ മുഖേന |
| 2. | താൽക്കാലിക ആശ്വാസ കേന്ദ്രം | ജില്ലാ കളക്ടർമാർ മുഖേന |
| 3. | വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ പൊതുജനാരോഗ്യം | ആരോഗ്യ വകുപ്പ് |
| 4. | താഴ്ന്ന ചെലവിൽ കക്കൂസ് നിർമ്മിക്കുന്നതിന് | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 5. | കൃഷി | കൃഷി വകുപ്പ് |
| 6. | മൽസ്യ ബന്ധനം | മൽസ്യബന്ധന വകുപ്പ് |
| 7. | വനവൽക്കരണം | വനം വകുപ്പ് |
| 8. | മൃഗസംരക്ഷണം | മൃഗസംരക്ഷണ വകുപ്പ് |
| 9. | സ്കൂൾ കുട്ടികൾക്ക് പുസ്തകം നൽകുന്നതിന് | വിദ്യാഭ്യാസ വകുപ്പ് |
| 10. | പ്രത്യേക പോഷകാഹാര പരിപ്പാടി | സാമൂഹ്യക്ഷേമ വകുപ്പ് |
| 11. | കരകൗശല കലാകാരൻമാർക്ക് | വ്യവസായ വകുപ്പ് |
| 12. | സംസ്ഥാന ഹൈവേയും, ജില്ലാ റോഡുകളും നന്നാക്കുന്നതിന് | പൊതുമരാമത്തു വകുപ്പ് |
| 13. | നാഷണൽ ഹൈവേ | പൊതുമരാമത്തു വകുപ്പ് |
| 14. | മുനിസിപ്പൽ/കോർപ്പറേഷൻ റോഡുകൾ നന്നാക്കുന്നതിന് | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 15. | പഞ്ചായത്ത് റോഡുകൾ | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 16. | ഗ്രാമീണ റോഡുകൾ | ജില്ലാ കളക്ടർമാർ |
| 17. | കെ.എസ്.ഇ.ബി. റോഡുകൾ | വിദ്യുച്ഛക്തി വകുപ്പ് |
| 18. | ഭവന നിർമ്മാണം | ജില്ലാ കളക്ടർമാർ |
| 19. | സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ | വിദ്യാഭ്യാസ വകുപ്പ് |
| 20. | ഗവൺമെൻറ് വക കെട്ടിടങ്ങൾ | പൊതുമരാമത്തു വകുപ്പ് |
| 21. | ജലസേചനം | ജലസേചന വകുപ്പ് |
| 22. | വനംവകുപ്പിന്റെ റോഡുകളും കെട്ടിടങ്ങളും | വനം വകുപ്പ് |
| 23. | ഹൃസ്വകാല വായ്പകൾ മധ്യകാല വായ്പകൾ ആക്കുന്നതിന് | സഹകരണ വകുപ്പ് |
| 24. | പ്രളയബാധിത പ്രദേശങ്ങളിൽ ശുദ്ധജല വിതരണത്തിന്* | ജല അതോറിറ്റി |
| 25. | മൽസ്യത്തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് | മൽസ്യബന്ധന വകുപ്പ് |

LIBRARY ARCHIVES Kerala Legislative Assembly